# പതിമൂന്നാം കേരളനിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1563 13.07.2011-ൽ മറുപടിയ്ക്ക്

**പഞ്ചായത്തുകളിലെ വാർഡുതല സമിതികളുടെ പ്രവർത്തനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ .സി. മോയിൻകുട്ടി:<br>ശ്രീ.കെ.എൻ.എ. ഖാദർ:<br>ശ്രീ.വി.എം. ഉമ്മർ മാസ്റ്റർ:<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്: | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) പഞ്ചായത്തുകളിലെ വാർഡുതല സമിതികളുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കാൻ പുതിയ നടപടികളെന്തെങ്കിലും ആരംഭിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) മുൻ സർക്കാരിന്റെ കാലത്ത് വാർഡ് സമിതികളും, ഗ്രാമസഭകളുംകൃത്യമായി കൂടിയിരുന്നില്ലെന്നും,സമിതിയോഗങ്ങൾ ജനങ്ങളെ അറിയിക്കാതെ ഭരണകക്ഷിക്കാരെമാത്രം ഉൾപ്പെടുത്തിയാണ് നടത്തിയിരുന്നതെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) പഞ്ചായത്ത് പദ്ധതികളിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും പദ്ധതികൾ | (സി) 1994-ലെ കേരള പഞ്ചായത്ത് രാജ്ആക്റ്റ്പ്രകാരം ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളെ സംബന്ധിച്ച് |

തെരഞ്ഞെടുക്കുന്നതിനും വിളിച്ചുചേർക്കുന്ന യോഗങ്ങളിൽപരമാവധി ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ?

നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡമനുസരിച്ച്മുൻഗണനാക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിനു നൽകുന്നത് ഗ്രാമസഭകൾ വഴിയാണ്. ഇത് ലക്ഷ്യമാക്കി വിളിച്ചുചേർക്കുന്ന ഗ്രാമസഭായോഗങ്ങളിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിനാവശ്യമായനടപടികൾ സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ 2007-08 വാർഷിക പദ്ധതിയും പതിനൊന്നാം പഞ്ചവത്സരപദ്ധതിയും തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. മാധ്യമങ്ങളിലൂടെയും വിദ്യാഭ്യാസസ്ഥാപനങ്ങൾ, ജനകീയസംഘടനകൾ, തൊഴിൽ വേദികൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവ മുഖേനയും കുടുംബശ്രീ സംഘടനാസംവിധാനത്തിലൂടെ പ്രത്യേകമായും വേണ്ടത്ര പ്രചാരണം നൽകി സ്ത്രീകൾ, പട്ടിക ജാതിക്കാർ, പിന്നോക്കക്കാർ എന്നിവരുടെ പങ്കാളിത്തം ഉറപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ